KOLLAM CITY POLICE
https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice
Dated :04/12/ 2019

## സംരക്ഷിക്കാൻ അരുമില്ലാത്ത ശോഭനയെന്ന വൃദ്ധമാതാവിനെ കണ്ണനല്ലൂർ പോലീസ് നവജീവൻ അഭയ കേന്ദ്രത്തിൽ എത്തിച്ചു

കൊല്ലം : സംരക്ഷിക്കാൻ ആരുമില്ലാതെ കഷ്ടപ്പെടുന്ന കണ്ണനല്ലൂർ ചേരിക്കോണം സ്വദേശിയായ ശോഭന (60) നെയാണ് കണ്ണനല്ലൂർ പോലീസിന്റെ സാന്നിധ്യത്തിൽ നെടുംമ്പന കുരീപ്പള്ളി നവജീവൻ അഭയ കേന്ദ്രം ഏറ്റെടുത്തത് നാട്ടുകാർ ഇവരുടെ ദയനീയ അവസ്ഥ ചൂണ്ടിക്കാട്ടി മുഖ്യമന്ത്രിക്ക് കത്തയച്ചിരുന്നു ഇതിന്റെ അടിസ്ഥാനത്തിൽ കണ്ണ നല്ലൂർ പോലീസ് സ്റ്റേഷനിൽ നിന്നും ശോഭനയുടെ സംര ക്ഷണം ഏറ്റെടുക്കുന്നതിനെ കുറിച്ച് കണ്ണനല്ലൂർ പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസർ യു.പി വിപിൻ കുമാറിന്റെ നേതൃത്വത്തിൽ നവജീവൻ അഭയ കേന്ദ്രത്തിന്റെ റസിഡന്റ്സ് മാനേജർ ശ്രീ.മുഹമ്മദ് കുഞ്ഞ് പി.ആർ.ഒ എസ്.എം മുഖ്താർ എന്നിവരുമായി ചർച്ച നടത്തിയശേഷം എസ്.ഐ ജയശങ്കർ, സി.പി.ഒമാരായ ബിന്ദു, ലാലുമോൻ നവജീവൻ അഭയ കേന്ദ്രം കമ്മറ്റി അംഗങ്ങളായ അബ്ദുൾ റഷീദ്, യൂസഫ് കണ്ണനല്ലൂർ എന്നിവരുടെ സാന്നിദ്ധ്യ ത്തിൽ ശോഭനയെ നവജീവൻ അഭയ കേന്ദ്രത്തിന് കൈമാറി, ഏവരുടേയും സമയോചി തമായ ഇടപെടലുകൾ മൂലം വരും നാളുകളിൽ ശോഭനക്ക് നവജീവൻ അഭയ കേന്ദ്രത്തിൽ സുരക്ഷിതമായി ജീവിക്കാമെന്ന് കണ്ണനല്ലൂർ പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസർ യു.പി വിപിൻ കുമാർ അഭിപ്രായപ്പെട്ടു.



കണ്ണനല്ലൂർ പോലീസിന്റെ സാന്നിധ്യത്തിൽ നവജീവൻ അഭയ കേന്ദ്രത്തിലേക്ക് പോകുന്ന ശോഭന